2015 ഫെബ്രുവരി മുതൽ മെയ് വരെ 1,89,000 രൂപ വാടകയായി നൽകിയിട്ടുണ്ട്.

2. വെബ്ബ് സർവ്വീസ് ഡിവിഷൻ കൂടുതൽ സ്ഥലസൗകര്യമുള്ള വഴുതക്കാട് സെന്റർ പ്ലാസ കെട്ടിടത്തിലേക്ക് 2015 മാർച്ച് മുതൽ മാറുകയുണ്ടായി. ബന്ധപ്പെട്ട ചെലവുകൾ താഴെ കൊടുക്കുന്നു :

| | |
|---|---|
| 2015 മാർച്ച് മുതൽ മെയ് വരെ വാടകയിനത്തിൽ ചെലവായത് | 1,38,768 രൂപ |
| ഫർണിച്ചർ ഫിറ്റിംഗ്സ് (ഫാബ്രിക്കേഷൻ ഉൾപ്പെടെ) | 2,14,290 " |
| നെറ്റ്‌വർക്കിംഗ് ചാർജ് | 3,77,108 " |
| ആകെ | 7,30166 " |

കെട്ടിടവാടക 2150 sq.ft.-ന് 18 രൂപ നിരക്കിൽ മാസം 38,700 രൂപ.

രണ്ട് കെട്ടിടങ്ങളുടെയും വാടകയും ഓഫീസ് സജ്ജീകരണത്തിന് ചെലവായ തുകയും അതാത് പ്രോജക്ടുകളിൽ നിന്നുള്ള വരുമാനത്തിൽനിന്നുമാണ് കണ്ടെത്തിയിട്ടുള്ളത്.

**അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിൽ ഐ.എ.വൈ. ഭവന നിർമ്മാണ പദ്ധതി**

**23 (4058)** <u>ശ്രീ. ജി. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെ ഐ.എ.വൈ. ഭവന നിർമ്മാണ പദ്ധതി പ്രകാരം എത്ര ഗുണഭോക്താക്കൾക്ക് സംസ്ഥാന സർക്കാർ ഫണ്ട് ലഭ്യമാക്കുവാൻ ഉണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഫണ്ട് നൽകുന്നതിന് ഉണ്ടായിട്ടുള്ള തടസ്സം എന്താണെന്ന് വിശദമാക്കുമോ ; ഗുണഭോക്താക്കൾക്ക് നൽകുവാനുള്ള തുക ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെകീഴിലുള്ള ഗ്രാമപഞ്ചായത്തുകളിൽ പണം ലഭിക്കുവാനുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly